(ബി) ഗവൺമെന്റുത്തരവിനെതിരെ നടപടികളെടുക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ അധികാരികളുടെയും അപ്രകാരം ചെയ്യുന്നവരുടെയും മേൽ കർശന നടപടിയെടുക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2-11-2005-വരെയായിരുന്നു ജപ്തി നടപടികൾ നിർത്തിവച്ചിരുന്നത്. ഇപ്പോൾ ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവൊന്നും നിലവിലില്ല. വീണ്ടും ഇപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ആലോചിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കൃഷിക്കാർക്കുവേണ്ടി ജപ്തി നടപടികൾ 27-1-2006 മുതൽ ഒരുമാസത്തേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

പരിയാരം സഹകരണ മെഡിക്കൽ കോളേജിന് ഹഡ്കോയിൽ നിന്നും ലഭിച്ച വായ്പ

115 [572] പ്രൊഫ. കെ. വി തോമസ്:
ശ്രീ. കെ. മുഹമ്മദാലി:
,, പി. ജെ. ജോയി:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിനുവേണ്ടി ഹഡ്കോയിൽ നിന്നും എത്ര തുകയാണ് വായ്പയെടുത്തത്;

(ബി) ഏത് ഗവൺമെന്റിന്റെ കാലത്താണ് ഈ വായ്പയെടുത്തത്; എന്ത് വ്യവസ്ഥയിൽ; എന്നാണ് വായ്പയെടുത്തത്;

(സി) ഇതിൽ എന്തുതുക തിരിച്ചടച്ചു; ഇനി എന്തുതുക തിരിച്ചടയ്ക്കാനുണ്ട്; ഇതിന്റെ തിരിച്ചടവ് തുടങ്ങിയത് ഏത് ഗവൺമെന്റിന്റെ കാലത്താണ്; അതുവരെ ഉണ്ടായ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 46.50 കോടി രൂപ.

(ബി) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ ഭരണം സംസ്ഥാന സർക്കാർ ഏറ്റെടുത്തു. 1997-1998-ൽ ഗവൺമെന്റ് ഗ്യാരന്റി അടിസ്ഥാനത്തിലാണ് വായ്പയെടുത്തത്. ആദ്യ ഗഡു 13-1-1998-ൽ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പലിശയിനത്തിൽ 9.58 കോടി രൂപ തിരിച്ചടച്ചു. ഇതിൽ 4.58 കോടി രൂപ വായ്പയുടെ അവസാനഗഡു നൽകിയതിൽ നിന്നും വകവച്ചതാണ്. 5 കോടി രൂപ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് തിരികെ അടച്ചത്. ഹഡ്കോയുടെ 14-12-2005-ലെ ഡിമാന്റ് നോട്ടീസ് അനുസരിച്ച് 31-12-2005 വരെ മുതലും പലിശയും അടക്കം 142.235 കോടി രൂപ തിരിച്ചടയ്ക്കുവാനുണ്ട്. (മുതൽ 46.50 കോടി രൂപ). തിരിച്ചടവ് തുടങ്ങിയ കാലത്ത് കുടിശ്ശിക 25 കോടി രൂപയായിരുന്നു. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനെത്തുടർന്ന് 2001 മാർച്ച് 31-ന് 148.01 കോടി രൂപയുടെ ബാദ്ധ്യത മെഡിക്കൽ കോളേജിന് വരുത്തിയിട്ടുണ്ടെന്ന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

116 [573] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ, ജില്ലാ ബാങ്കുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗം ജീവനക്കാരെന്നും, ഇവർ ആകെ എത്ര പേരെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്ത്;

(ഡി) തന്മൂലം സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെയും സംഘടനകളുടെയും ദീർഘനാളായുള്ള ആവശ്യം പരിഗണിച്ചും സഹകരണ ശതാബ്ദി ആഘോഷിക്കുന്ന അവസരത്തിൽ മാനുഷിക പരിഗണനയും സാമാന്യ നീതിയും കണക്കിലെടുത്തും കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ കരാർ അടിസ്ഥാനത്തിലും ദിവസ വേതന വ്യവസ്ഥയിലും മസ്ദൂർ, ഹെൽപ്പർ എന്നീ വിഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാർ, വായ്പാ സഹകരണ സംഘങ്ങളിൽ കമ്മിഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ പിരിവുകാർ എന്നീ വിഭാഗത്തിൽപ്പെട്ടവരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിക്കുകയും അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly